(സി) കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഉടമസ്ഥന്റെ സമ്മതപത്രം അംഗീകരിച്ച് കെട്ടിട നമ്പർ നൽകുന്നതിന് നിലവിലുള്ള നിയമത്തിലോ ചട്ടത്തിലോ വ്യവസ്ഥയില്ല.

(ഡി&ഇ) അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

വൈപ്പിൻ മണ്ഡലം

216 (4259) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിനും പുതുതായി രൂപം നൽകുന്നതിനും നിലവിലുള്ള മാനദണ്ഡം എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, എളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തുകൾ വിഭജിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിനും പുതുതായി രൂപം നൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. ജനസംഖ്യ
2. ഭൂവിസ്തൃതി
3. പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ
4. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുള്ള സൗകര്യം

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്നാവശ്യപ്പെട്ട് ടി പഞ്ചായത്തിന്റെ സെക്രട്ടറി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ അപാകതകളുണ്ടായിരുന്നതിനാൽ ആയത് നിരസിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പഞ്ചായത്തുകളുടെ വിഭജനം ഇപ്പോൾ പരിഗണനയിലില്ല.

വൈപ്പിൻ മണ്ഡലത്തിലെ പഞ്ചായത്ത് രൂപീകരണം

217 (4260) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ മണ്ഡലത്തിൽ നിലവിലുള്ള ഏതെങ്കിലും ഗ്രാമപഞ്ചായത്തുകളെ വിഭജിക്കുന്നതിനും പുതുതായി പഞ്ചായത്ത് രൂപീകരിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) മണ്ഡലത്തിലെ പള്ളിപ്പുറം, എളങ്കുന്നപ്പുഴ എന്നീ ഗ്രമപഞ്ചായത്തുകളുടെ വിസ്തൃതി, ജനസംഖ്യ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ബി)

വൈപ്പിൻ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തിന്റെ പേര്	വിസ്തൃതി (ച.കി.മീ.)	ജനസംഖ്യ
പള്ളിപ്പുറം	16.66	44042
എളങ്കുന്നപ്പുഴ	11.66	50714

ബദിയടുക്ക പഞ്ചായത്തിൽ പാർട്ട്ടൈം പൗണ്ട് കീപ്പർ തസ്തിക നിയമനം

218 (4261) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ബദിയടുക്ക പഞ്ചായത്തിൽ പാർട്ട് ടൈം പൗണ്ട്കീപ്പർ തസ്തികയിൽ പട്ടികജാതി വിഭാഗക്കാരിയായ വിജയലക്ഷ്മിയെ നിയമിക്കണമെന്ന ഭരണസമിതിയുടെ തീരുമാനത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ എന്തെങ്കിലും തീരുമാനം സ്വീകരിച്ചിട്ടുണ്ടോ ; (E9/21450/10) വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly